<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2259** | **03-03-2025 - ൽ മറുപടിയ്ക്ക്**

## വിലങ്ങാട് ഉരുൾപൊട്ടലിൽ ഉണ്ടായ നഷ്ടം കണക്കാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ കെ വിജയൻ** | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** |

(എ) നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് ഉണ്ടായ ഉരുൾപൊട്ടലിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന വീടുകൾ, റോഡുകൾ, പാലങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ തകർന്നതുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടെന്നുള്ള വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(എ) പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ തിരിച്ചുള്ള നാശ നഷ്ടം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>നാദാപുരം ഗ്രാമപഞ്ചായത്ത്</u>**

നാശ നഷ്ടം സംഭവിച്ച പാലങ്ങളുടെ വിവരങ്ങൾ

| പാലത്തിന്റെ പേര് | പുതുക്കി പണിയുന്നതിനുള്ള ഏകദേശ ചെലവ് |
|---|---|
| 1.കേളോത്ത് -കേരിത്താഴപാലം (നീളം 70 മീറ്റർ, വീതി 2 മീറ്റർ, ഉയരം 9.5 മീറ്റർ) | 25 ലക്ഷം (റിപ്പയർ) |
| 2.മഞ്ചേരിക്കടവ് പാലം (നിളം 50 മീറ്റർ വീതി 2.5 മീറ്റർ. ഉയരം 7.5 മീറ്റർ) | 25 ലക്ഷം (റിപ്പയർ) |
| ആകെ | 50 ലക്ഷം (അമ്പത് ലക്ഷം) |

പുഴയോരം കെട്ടി സംരക്ഷിക്കൽ

| സ്ഥലം | നിർമ്മിക്കാനുള്ള ചെലവ് |
|---|---|
| മഞ്ചേരിക്കടവ് പാലം | 1 കോടി |
| കേളോത്ത് കേരിത്താഴ പാലം | 1 കോടി |
| ആകെ | 2 കോടി |

തകർന്ന റോഡുകളുടെ വിവരങ്ങൾ

| | |
|---|---|
| ദൂരം | പുതുക്കിപ്പണിയുന്നതിന് ചെല വരുന്ന തുക |
| ആകെ 9.50 കി മീ (റോഡിന്റെ ശരാശരി വീതി 3 മീറ്റർ) | 33250000 (മൂന്ന് കോടി മുപ്പത്തി രണ്ട് ലക്ഷത്തി അമ്പതിനായിരം) |

**നാദാപുരം ഗ്രാമപഞ്ചായത്തിൽ ആകെ ആവശ്യമായ തുക -** 5,82,50,000/-(അഞ്ച് കോടി എൺപത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ).

**തൂണേരി ഗ്രാമ പഞ്ചായത്ത്**

2024 മാസത്തിൽ തൂണേരി ഗ്രാമപഞ്ചായത്തിൽ കാലവർഷക്കെടുതി മൂലം വിവിധ വാർഡുകളിലെ പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട റോഡുകൾ തകർന്നതിലുണ്ടായ നാശനഷ്ടം 80,40,000/-(എൺപത് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം) രൂപയാണ്.

**ചെക്ക്യാട് ഗ്രാമ പഞ്ചായത്ത്**

ചെക്ക്യാട് ഗ്രാമപഞ്ചായത്തിൽ ഒരു തൂക്ക് പാലവും 3 പാലവും ഭാഗീകമായി തകർന്നിട്ടുണ്ട്, പഞ്ചായത്തിലെ 20-ൽ പരം റോഡുകൾ തകർന്ന് ഗതാഗത യോഗ്യമല്ലാതായിട്ടുണ്ട്. പഞ്ചായത്തിന്റെ ആസ്തികളിൽ ആകെ 2 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു

**വാണിമേൽ ഗ്രാമ പഞ്ചായത്ത്**

റോഡുകൾ തകർന്ന് ഉണ്ടായ നഷ്ടം 5,45,00,000/- (അഞ്ച് കോടി നാൽപ്പത്തിയഞ്ച് ലക്ഷം രൂപ)

മറ്റ് ആസ്തികൾ തകർന്ന് ഉണ്ടായ നഷ്ടം 1,02,00,000/- (ഒരു കോടി രണ്ട് ലക്ഷം രൂപ)

പാലം തകർന്ന് ഉണ്ടായ നഷ്ടം 6,31,00,000/- (ആറു കോടി മുപ്പത്തി ഒന്ന് ലക്ഷം രൂപ)

മറ്റ് കെട്ടിടങ്ങൾ തകർന്ന് ഉണ്ടായ നഷ്ടം 97,00,000/- (തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ)

മറ്റ് നാശനഷ്ടങ്ങൾ - 87,00,000/- (എൺപത്തി ഏഴ് ലക്ഷം രൂപ)

ഗ്രാമപഞ്ചായത്തിലെ ആകെ നഷ്ടം - 14,62,00,000/- (പതിനാലു കോടി അറുപത്തി രണ്ടു ലക്ഷം രൂപ)

**നരിപ്പറ്റ ഗ്രാമപഞ്ചായത്ത്**

| | | | |
|---|---|---|---|
| | | | പാലങ്ങളുമായിബന്ധപ്പെട്ട നഷ്ടം - 2,75,00,000/ (രണ്ടു കോടി എഴുപത്തിയഞ്ച് ലക്ഷം)<br><br>റോഡുകളുമായിബന്ധപ്പെട്ട നഷ്ടം - 3,20,00,000/- (മൂന്നു കോടി ഇരുപത് ലക്ഷം)<br><br>ഗ്രാമപഞ്ചായത്തിൽ ആകെ കണക്കാക്കിയ തുക - 5,95,00,000/-(അഞ്ച് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷം)<br><br>നാദാപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടില്ല |
| (ബി) | അവ പൂർവ്വസ്ഥിതിയിൽ എത്തിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ ? | (ബി) | **<u>നാദാപുരം ഗ്രാമപഞ്ചായത്ത്</u>**<br><br>നാദാപുരത്ത് ആകെ 22 വാർഡുകളുള്ളതിൽ 10 വാർഡുകളിൽ പ്രളയം ബാധിച്ചിട്ടുണ്ട്. വീട് ക്ലീനിംഗ്, കിണർ വൃത്തിയാക്കൽ എന്നീ പ്രവർത്തങ്ങൾ ചെയ്തിട്ടുണ്ട്.<br><br>**<u>ചെക്യാട് ഗ്രാമപഞ്ചായത്ത്</u>**<br><br>തകർന്ന മൂന്ന് പാലങ്ങൾ ജനകീയമായ ഇടപെടലിൽ താൽക്കാലിക കൈവരികൾ കെട്ടി നടന്നു പോകാൻ യോഗ്യമാക്കിയിട്ടുണ്ട്. തൂക്ക് പാലം പൂർണ്ണമായി തകർന്നു ഒലിച്ച് പോയിട്ടുണ്ട്.<br><br>**<u>വാണിമേൽ ഗ്രാമപഞ്ചായത്ത്</u>**<br><br>തകർന്ന റോഡുകൾ താൽക്കാലികമായി സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. വാർഡ് ഒൻപതിൽ കുറ്റല്ലൂർ, പന്നിയെരി, മാടഞ്ചേരി, അട്ടപ്പിൽ, ഉന്നതികളിലെ പ്രകൃതിദത്തമായ ശ്രോതസ്സുകളിൽ നിന്ന് കുടിവെള്ളം ശേഖരിച്ച് കൊണ്ടു വരുന്ന ബ്ലാക്ക് ഹോസുകൾ നശിച്ചതിനാൽ പുതിയത് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. 47 കുടുംബങ്ങൾ ഇപ്പോഴും വാടക വീടുകളിൽ/ബന്ധു വീട്ടുകളിൽ താമസിക്കുന്നുണ്ട്.<br><br>**<u>നരിപ്പറ്റ ഗ്രാമപഞ്ചായത്ത്</u>**<br><br>ഭാഗീകമായി തകർന്ന റോഡുകളിൽ അടിയന്തിര പ്രവൃത്തി നടത്തി താൽക്കാലികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. പൂർണ്ണമായും തകർന്ന തരിപ്പ എസ് ടി കോളനി റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. തകർന്ന വാണിമേൽപുഴ, തോട് എന്നിവയുടെ വശങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ